"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭ - ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കിയതിൽ വീഴ്ച - നഗരസഭ സെക്രട്ടറി ശ്രീ.സാനന്ദസിംഗ്. ബി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2080/2025/LSGD തീയതി,തിരുവനന്തപുരം, 22-08-2025

---

പരാമർശം:-

1. 25.03.2024 തീയതിയിലെ സ.ഉ(സാധാ) നം.691/2024/LSGD
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.08.2024 തീയതിയിലെ LSGD/PD/12994/2024-VIGA5 നമ്പർ കത്ത്.
3. ശ്രീ.സാനന്ദസിംഗ്. ബി-യ്ക്ക് നൽകി 30.11.2024തീയതിയിലെ ഇയു4/159/2024-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
4. ശ്രീ.സാനന്ദസിംഗ്. ബി സമർപ്പിച്ച 30.12.2024 തീയതിയിലെ പ്രതിവാദ പത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.07.2025 തീയതിയിലെ LSGD/PD/12994/2024-VIGA5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവ്വീസിലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ അപ്പീൽ അപേക്ഷകളിന്മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ 10 ജീവനക്കാരെ സ്ഥലംമാറ്റി ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അനിൽകുമാർ.ആർ 19.02.2024 ന് നെടുമങ്ങാട് നഗരസഭയിൽ നിന്നും വിടുതൽ ചെയ്യുകയും, 19.02.2024 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19.02.2024 ന് അപരാഹ്നം മുതൽ നെയ്യാറ്റിൻകര നഗരസഭയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

2. എന്നാൽ പ്രസ്തുത തസ്തികയിൽ നിലവിലുണ്ടായിരുന്ന സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ശങ്കർമണി.കെ, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 310/2024 ഹർജിയിൽ 21.02.2024 തീയതിയിലെ ഉത്തരവ് പ്രകാരം മൂന്നാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ നിന്നും ടി വിഷയം സംബന്ധിച്ച തീരുമാനം വരുന്നതു വരെ നിലവിലുള്ള ജീവനക്കാരനായ ശ്രീ.ശങ്കർമണി കെ-യെ നെയ്യാറ്റിൻകര നഗരസഭയിൽനിന്നും വിടുതൽ ചെയ്യരുതെന്ന് നിർദ്ദേശിച്ചിരുന്നു. ബഹു കോടതി ഉത്തരവ് നഗരസഭ സെക്രട്ടറി യഥാക്രമം പരിശോധിക്കാതെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് സ്ഥലം മാറി വന്ന ശ്രീ. അനിൽകുമാർ ആർ 19.02.2024 അപരാഹ്നം മുതൽ ജോലിയിൽ പ്രവേശിപ്പിക്കുകയും ടി തസ്തികയിൽ ഉണ്ടായിരുന്ന ശ്രീ. ശങ്കർമണി കെ വിടുതൽ ചെയ്യാതിരിക്കുകയും ചെയ്തത് വഴി നെയ്യാറ്റിൻകര നഗരസഭയിൽ ഒരേ തസ്തികയിൽ 2 പേർ തുടരുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു.

3. OA No. 310/2024 നമ്പർ ഹർജിയിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.02.2024

തീയതി ഉത്തരവ് പരാമർശം (1) പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 9 ൽ 21.02.2024 തീയതി ടി കേസ് ബഹു കോടതി പരിഗണിക്കുന്നതിന് മുൻപ് തന്നെ ശ്രീ. അനിൽകുമാർ ആർ -നെ 19.02.2024 തീയതി പ്രബല്യത്തിൽ സേവനത്തിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച ഉത്തരവ് യഥാസമയം ശരിയായ അർത്ഥത്തിൽ പാലിക്കാതെ കോടതി വ്യവഹാരത്തിലേക്കും, ഭരണപരമായ വീഴ്ചയിലേക്കും എത്തിച്ചതിന് നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.സാനന്ദസിംഗ്. ബി -യിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ടിയാൻ ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറി ശ്രീ. സാനന്ദസിംഗിനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19.02.2024 ന് തന്നെ ശ്രീ.അനിൽകുമാറിനെ സേവനത്തിൽ പ്രവേശിപ്പിച്ചതിനാൽ ശ്രീ. ശങ്കർമണി ടി തീയതിയിൽ തന്നെ വിടുതലാകുണ്ടേതാണെങ്കിലും അപ്രകാരം ചെയ്യാതെ രണ്ട് പേർ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ജോലി ചെയ്യുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്ത നഗരസഭ സെക്രട്ടറിയുടെ ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ച്ക്ക് ശ്രീ.സാനന്ദസിംഗ്. ബി-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

5. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം (4) പ്രകാരം പ്രതിവാദ പത്രികയിൽ , രണ്ടാം ഗ്രേഡ് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. അനിൽകുമാർ ആർ 19/02/2024 അപരാഹ്നത്തിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ഓഫീസിലെത്തി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുകയുണ്ടായെന്നും കേരള സർവ്വീസ് ചട്ടമനുസരിച്ച് സ്ഥലംമാറ്റ നിയമനം ലഭിച്ചയാൾ പുതിയ ഓഫീസിൽ പ്രവേശിച്ചാൽ സ്വമേധയാ നിലവിലുള്ളയാൾ വിടുതൽ ചെയ്യപ്പെടുമെന്നിരിക്കെ, മുനിസിപ്പാലിറ്റിക്കും ഗവൺമെന്റിനും വേണ്ടി പ്രതിനിധാനം ചെയ്യുന്ന സർക്കാർ പ്ലീഡർ, ടി വ്യക്തി ജോലിയിൽ പ്രവേശിച്ച എന്നറിയിച്ചിട്ടും ബഹു. KAT ആയത് അംഗീകരിച്ചതായി സ്റ്റേ ഉത്തരവിൽ കാണുന്നില്ലെന്നും നിലവിലുണ്ടായിരുന്നയാളെ വിടുതൽ ഉത്തരവ് നൽകി പുതിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല എന്ന അർത്ഥത്തിൽ എടുത്താണ് ബഹു. KAT ഈ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നതായും ഇത്തരത്തിലുള്ള ഉത്തരവ് നൽകാൻ കഴിയാതിരുന്നതിന് കാരണം മുനിസിപ്പൽ സെക്രട്ടറിയായ താൻ അന്നേ ദിവസം (അതായത് 19/02/2024 ന്) കൊട്ടാരക്കര തദ്ദേശ ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പോയിരുന്നതായും നിർഭാഗ്യവശാൽ തൊട്ടടുത്ത ദിവസം (20/02/2024 ന) തനിക്ക് 07/09/2023-ാം തീയതിയിൽ സംഭവിച്ച ഹൃദയാഘാതത്തിന്റെ തുടർചികിത്സയ്ക്കായി തിരുവനന്തപുരം പി ആർ എസ് ആശുപത്രിയിൽ ചികിത്സയ്ക്ക് പോകേണ്ടതായി വന്നുവെന്നും അന്നേ ദിവസം തന്നെ ബഹു. KAT ന്റെ റിലീവ് ചെയ്യരുതെന്നുള്ള നിരോധന ഉത്തരവ് വരികയും ചെയ്തുവെന്നും ശ്രീ.സാനന്ദസിംഗ്. ബി വിശദീകരിക്കുകയുണ്ടായി.

6. 21/02/2024 ന് താൻ ഓഫീസിൽ എത്തിയപ്പോൾ മാത്രമാണ് ഈ സ്ഥലമാറ്റ ഉത്തരവിന്റെ വിവരങ്ങൾ അറിയുന്നതെന്നും അപ്പോഴേക്കും പുതിയ ആൾ ജോയിൻ ചെയ്തു കഴിഞ്ഞിരുന്നുവെങ്കിലും നിലവിലുണ്ടായിരുന്ന ആളെ ബഹു. KAT യുടെ ഉത്തരവ് വന്നിരുന്നതിനാൽ വിടുതൽ ഉത്തരവ് നൽകിയാൽ കോടതിയലക്ഷ്യമാകുമെന്നതിനാൽ വിടുതൽ ഉത്തരവ് നൽകാതെ പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് മുഖേന വിവരം അറിയിക്കുകയുണ്ടായതെന്നും ആയതിനാൽ കോടതി വ്യവഹാരങ്ങൾക്ക് സൗകര്യം ചെയ്തു കൊടുത്തുവെന്നും ഡയറക്ടറുടെ ഉത്തരവ് പാലിച്ചില്ലായെന്നുമുള്ള ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതവും വസ്തുതാ വിരുദ്ധവുമാണെന്നും ആയതിനാൽ തന്നിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.സാനന്ദസിംഗ്. ബി പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടിരുന്നു.

7.ശ്രീ.സാനന്ദസിംഗ്. ബി സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 19/02/2024, 20/02/2024 തീയതികളിൽ ഓഫീസിൽ ഹാജരാകാത്തതിനുള്ള സെക്രട്ടറിയുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നും എന്നാൽ യഥാസമയം ശ്രീ. അനിൽ കുമാറിനെ 19.02.2024 തീയതി പ്രാബല്യത്തിൽ ജോലിയിൽ

പ്രവേശിപ്പിക്കുന്നതോടൊപ്പം ശ്രീ. ശങ്കർമണിയെ ജോലിയിൽ നിന്നും വിട്ടുതൽ ചെയ്യുണമെന്ന പ്രിൻസിപ്പൽ ഡയറക്ടർ പുറപ്പെടുവിച്ച 17/02/2024-ാം തീയതിയിലെ LSGD/48363/2023- DEB5 നമ്പർ ഉത്തരവ് യഥാസമയം ശരിയായ അർത്ഥത്തിൽ പാലിക്കാതിരുന്നത് മൂലം ടി വിഷയം അനാവശ്യമായ കോടതി വ്യവഹാരത്തിലേക്കും ഭരണപരമായ നടപടി വീഴ്ച്ചയിലേക്കും എത്തിക്കുന്നതിന് കാരണമായിട്ടുണ്ട് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

8. സർക്കാർ, ഇക്കാര്യം, ശ്രീ.സാനന്ദസിംഗ്. ബി സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. അനിൽകുമാറിനെ 19.02.2024 തീയതി പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതോടൊപ്പം ശ്രീ. ശങ്കർമണിയെ ജോലിയിൽ നിന്നും വിട്ടുതൽ ചെയ്യുണമെന്നിരിക്കെ ആയത് ചെയ്യാതെ പ്രിൻസിപ്പൽ ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവ് യഥാസമയം ശരിയായ അർത്ഥത്തിൽ പാലിക്കാതിരുന്നത് മൂലം ടി വിഷയം അനാവശ്യമായ കോടതി വ്യവഹാരത്തിലേക്കും ഭരണപരമായ നടപടി വീഴ്ച്ചയിലേക്കും എത്തിച്ചത് നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.സാനന്ദസിംഗ്. ബി-യുടെ ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ചയാണെന്ന് കാണുന്നു.

9. ആയതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവ് യഥാസമയം ശരിയായ അർത്ഥത്തിൽ പാലിക്കാതിരുന്നത് ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ചയാണെന്നത് പരിഗണിച്ചും ശ്രീ. അനിൽകുമാർ ജോലിയിൽ പ്രവേശിച്ച തീയതിയ്ക്കും ബഹു കോടതിയുടെ ഉത്തരവ് വന്ന തീയതിയ്ക്കും ഇടയിൽ ഒരു പ്രവർത്തിദിനം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നത് കണക്കിലെടുത്തും നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി ശ്രീ.സാനന്ദസിംഗ്. ബി-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ശാസന (Censure) നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ.സാനന്ദസിംഗ്. ബി , നഗരസഭ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/159/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 22-08-2025 15:20:29
സെക്ഷൻ ഓഫീസർ